പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 231

# 2024-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ബിൽ

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 231

# 2024-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ബിൽ

1435/2024.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 231

# 2024-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ബിൽ

2000-ലെ കേരള സ്പോർട്ട്സ് ആക്റ്റ് വീണ്ടും
ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2000-ലെ കേരള സ്പോർട്ട്സ് ആക്റ്റ് (2001-ലെ 2) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയഞ്ചാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2024-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ദീർഘശീർഷകത്തിന്റെ ഭേദഗതി.—2000-ലെ കേരള സ്പോർട്ട്സ് ആക്റ്റിലെ (2001-ലെ 2) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) ദീർഘശീർഷകത്തിൽ, "സ്പോർട്ട്സും ഗെയിംസും പ്രോൽസാഹിപ്പിക്കുന്നതിനും" എന്നീ വാക്കുകൾക്ക് പകരം "സ്പോർട്ട്സ്, ഗെയിംസ്, ഇ-സ്പോർട്ട്സ്, കായിക സമ്പദ്ഘടന എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്.

3. പീഠികയുടെ ഭേദഗതി.—പ്രധാന ആക്റ്റിലെ പീഠികയിൽ, "സ്പോർട്ട്സും ഗെയിംസും പ്രോൽസാഹിപ്പിക്കുന്നതിനും" എന്നീ വാക്കുകൾക്ക് പകരം "സ്പോർട്ട്സ്, ഗെയിംസ്, ഇ-സ്പോർട്ട്സ്, കായിക സമ്പദ്ഘടന എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്.

4. 2-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 2-ാം വകുപ്പിൽ,—

(i) (vi)-ാം ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

“ (vi എ) "ഇ-സ്പോർട്ട്സ്" എന്നാൽ ശാരീരികവും മാനസികവുമായ കഴിവുകൾ ഉപയോഗിച്ച് ആളുകൾ തമ്മിലും ടീമുകൾ തമ്മിലും മത്സരാടിസ്ഥാനത്തിൽ

ഓൺലൈനായി കളിക്കുന്നതും വൈദഗ്ദ്ധ്യം ഉൾപ്പെടുന്നതും നിയമപരമായി അംഗീകരിക്കപ്പെട്ടതുമായ ഇലക്ട്രോണിക് രൂപത്തിലുള്ള സ്പോർട്ട്സ് ഗെയിമുകൾ എന്നർത്ഥമാകുന്നു;" ;

(ii) (xiii)-ാം ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(xiii എ) "പട്ടിക" എന്നാൽ ഈ ആക്റ്റിൽ അനുബന്ധമായി ചേർത്തിട്ടുള്ള പട്ടിക എന്നർത്ഥമാകുന്നു;".

5. 3-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 3-ാം വകുപ്പ് (3)-ാം ഉപവകുപ്പിൽ "എക്സ്-ഒഫിഷ്യോ അംഗങ്ങൾ" എന്ന ശീർഷകത്തിൻകീഴിൽ (ബി) ഇനത്തിന് ശേഷം താഴെപ്പറയുന്ന ഇനങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

" (ബിഎ) ആഭ്യന്തര വകുപ്പ് സെക്രട്ടറി;

(ബിബി) ഉന്നതവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി;

(ബിസി) പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി;

(ബിഡി) തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി;

(ബിഇ) വിനോദസഞ്ചാര വകുപ്പ് സെക്രട്ടറി;

(ബിഎഫ്) പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ് സെക്രട്ടറി;

(ബിജി) ആരോഗ്യ വകുപ്പ് സെക്രട്ടറി ; ".

6. 4-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 4-ാം വകുപ്പ് (1)-ാം ഉപവകുപ്പിന് പകരം, താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

" (1) സർക്കാർ, കായിക യുവജനകാര്യാലയം ഡയറക്ടറെ സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന്റെ സെക്രട്ടറിയായി നിയമിക്കേണ്ടതാണ്.".

7. 5-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 5-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ,—

(i) (എ) ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(എഎ) സംസ്ഥാനത്ത് ഇ-സ്പോർട്ട്സ്, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, സംഘടിപ്പിക്കുകയും ക്രമീകരിക്കുകയും വികസിപ്പിക്കുകയും ചെയ്യുക;";

(ii) (ബി) ഖണ്ഡത്തിൽ " സർക്കസ് പരിശീലന കേന്ദ്രങ്ങൾ," എന്നീ വാക്കുകൾക്കും ചിഹ്നത്തിനും ശേഷം "സ്പോർട്ട്സ് ഇൻസ്റ്റിറ്റ്യൂട്ട്, പാരാലിമ്പിക് കേന്ദ്രങ്ങൾ, സ്പോർട്ട്സ് സ്കൂളുകൾ," എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്;

(iii) (ബി) ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

" (ബിഎ) സ്റ്റേഡിയം, കളിസ്ഥലം, നീന്തൽകുളം, സ്പോർട്ട്സ് ഹോസ്റ്റലുകൾ, മറ്റു സ്പോർട്ട്സ് സൗകര്യങ്ങൾ മുതലായ അടിസ്ഥാനസൗകര്യങ്ങളുടെ നിർമ്മാണം, ആധുനികവത്കരണം, പരിപാലനം എന്നിവ, ഓരോ പ്രത്യേക സംഗതിയെയും അടിസ്ഥാനമാക്കി പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ ഒരു 'സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ' മുഖേന നടത്തുക;

വിശദീകരണം:—ഈ ഖണ്ഡത്തിന്റെ ആവശ്യത്തിലേയ്ക്കായി " സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ" എന്നാൽ 2013-ലെ കമ്പനീസ് ആക്റ്റിലെ (2013-ലെ 18-ാം കേന്ദ്ര ആക്റ്റ്) വ്യവസ്ഥകൾ പ്രകാരം രൂപീകരിച്ച " കേരള സ്പോർട്ട്സ് ഫൗണ്ടേഷൻ" എന്നർത്ഥമാകുന്നു.";

(iv) (ഇ) ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

" (ഇഎ) കേരള സ്റ്റാർട്ടപ്പ് മിഷന്റെ സഹകരണത്തോടെ ഒരു 'സ്പോർട്ട്സ് ഇന്നൊവേഷൻ സോൺ' സ്ഥാപിക്കുക;

(ഇബി) സ്പോർട്ട്സ് മെഡിസിൻ, സ്പോർട്ട്സ് എഞ്ചിനീയറിംഗ് എന്നീ മേഖലകളെ പ്രോത്സാഹിപ്പിക്കുക;

(ഇസി) സ്പോർട്ട്സ് ലീഗുകൾ, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, സംഘടിപ്പിക്കുക;

(ഇഡി) വാർഷിക സാമ്പത്തിക സ്പോർട്ട്സ് സർവ്വേ, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, നടത്തുക;

(ഇഇ ) വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ഏകോപിപ്പിച്ചുകൊണ്ട് സ്പോർട്ട്സ് കേരള സ്കൂൾ ഗെയിംസ്, സ്പോർട്ട്സ് കേരള സർവ്വകലാശാല ഗെയിംസ് എന്നിവ സംഘടിപ്പിക്കുക;

(ഇഎഫ്) അന്താരാഷ്ട്ര പരിശീലകർ, വിദഗ്ദ്ധർ എന്നിവരുടെ പരിശീലനം സ്പോർട്ട്സ് താരങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക;

(ഇജി) സ്പോർട്ട്സ് അരീനകൾ, സ്പോർട്ട്സ് ടർഫുകൾ, വെൽനസ് സെന്ററുകൾ മുതലായവയ്ക്ക്, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, പ്രവർത്തന മാനദണ്ഡങ്ങൾ നിശ്ചയിക്കുക;

(ഇഎച്ച്) തെരഞ്ഞെടുത്ത കായിക ഇനങ്ങളിൽ ശാസ്ത്രീയ പരിശീലനം നൽകുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തുക;

(ഇഐ) സ്പോർട്ട്സ് താരങ്ങൾക്ക് ആവശ്യമുള്ള നിർദ്ദേശങ്ങൾ നൽകുന്നതിനായി കായിക ഗവേഷകരും അനലിസ്റ്റുകളും ന്യൂട്രീഷൻ സ്പെഷ്യലിസ്റ്റുകളും അടങ്ങുന്ന ഒരു ടീം രൂപീകരിക്കുക;

(ഇജെ) സ്പോർട്ട്സ് അടിസ്ഥാനസൗകര്യങ്ങൾ പരമാവധി ആളുകൾക്ക് ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ സ്റ്റേറ്റ് സ്പോർട്ട്സ് ഗ്രിഡ് വികസിപ്പിക്കുക;

(ഇകെ) സ്പോർട്ട്സ് താരങ്ങളുടെ വൈദഗ്ദ്ധ്യവും അഭിരുചിയും വിലയിരുത്തുന്നതിനായി 'സ്പോർട്ട്സ് ടാലന്റ് ഐഡന്റിഫിക്കേഷൻ പ്രോട്ടോക്കോൾ' സംവിധാനം, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, ഏർപ്പെടുത്തുക;

(ഇഎൽ) തെരഞ്ഞെടുക്കപ്പെട്ട സ്പോർട്ട്സ് താരങ്ങളെ തുടർച്ചയായി വിലയിരുത്തുന്നതിനായി 'സ്പോർട്ട്സ് ടാലന്റ് കണ്ടിന്യുയസ് ഇവാല്യുവേഷൻ' നടപ്പിലാക്കുക;

(ഇഎം) അന്തർദ്ദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്ന സ്പോർട്ട്സ് താരങ്ങൾക്ക് പരിശീലനം നൽകുന്നതിനായി ദേശീയ അക്കാദമികളുടെ ഒരു ശൃംഖല സ്ഥാപിക്കുക;

(ഇഎൻ) പരിശീലകർ, കോച്ചുകൾ എന്നിവരുടെ പ്രകടനം വിലയിരുത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക;

(ഇഒ) സ്പോർട്ട്സ് കലണ്ടർ, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, തയ്യാറാക്കുക;

(ഇപി) സ്പോർട്ട്സ് താരങ്ങളുടെ പരാതികൾ കൈകാര്യം ചെയ്യുന്നതിനുള്ള പരാതി പരിഹാര സംവിധാനം, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, രൂപീകരിക്കുക;

(ഇക്യൂ) വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സ്പോർട്ട്സ് പാഠ്യപദ്ധതി തയ്യാറാക്കുന്നതിന് ആവശ്യമായ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, നൽകുക;

(ഇആർ) സ്പോർട്ട്സ് അടിസ്ഥാനസൗകര്യങ്ങൾ, സ്പോർട്ട്സ് മേളകൾ, അക്കാദമികൾ എന്നിവയിൽ നിക്ഷേപം നടത്തുവാൻ സംരംഭകരെ പ്രോത്സാഹിപ്പിക്കുക;

(ഇഎസ്) അടിസ്ഥാനസൗകര്യവികസനം, കായികോപകരണങ്ങളുടെ നിർമ്മാണം, പരിശീലനം എന്നിവയുമായി ബന്ധപ്പെട്ട സ്റ്റാർട്ടപ്പുകൾക്ക്, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, ഗ്രാന്റുകളോ ഫണ്ടുകളോ മുഖേന സഹായം നൽകുക;

(ഇറ്റി) ശാരീരികക്ഷമത വ്യായാമ പ്രചരണ പരിപാടികൾ നടത്തുക;

(ഇയു) കളിസ്ഥലങ്ങളുടെ ഉപയോഗം, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, ക്രമീകരിക്കുക;

(ഇവി) വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഇന്റർ സ്കൂൾ, ഇന്റർ കോളേജ്, ഇന്റർ യൂണിവേഴ്സിറ്റി ചാമ്പ്യൻഷിപ്പുകൾ, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, സംഘടിപ്പിക്കുക;

(ഇഡബ്ല്യൂ) 2011-ലെ സ്പോർട്ട്സ് ഡെവലപ്മെന്റ് കോഡിലെ വ്യവസ്ഥകൾ, ആവശ്യമായ ഭേദഗതികളോടെ നടപ്പിലാക്കുക;

(ഇഎക്സ്) വനിതകൾക്കും ഭിന്നശേഷിക്കാരായ സ്പോർട്ട്സ് താരങ്ങൾക്കുമായി പ്രത്യേക കളിസ്ഥലങ്ങൾ തയ്യാറാക്കുക;

(ഇവൈ) കമ്മ്യൂണിറ്റി ഫിസിക്കൽ ആക്റ്റിവിറ്റി ട്രാക്കിംഗ് സംവിധാനം, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, വികസിപ്പിക്കുക;

(ഇഇസഡ്) കായിക ഇനങ്ങളുടെ മെഡൽ സാദ്ധ്യതയനുസരിച്ചും പ്രചരണത്തിനനുസരിച്ചും കായിക ഇനങ്ങളുടെ മുൻഗണനാ പട്ടിക തയ്യാറാക്കുക;

(ഇഇസഡ്എ) ആഗോളപ്രശസ്തമായ അക്കാദമികളിൽ നിന്നുള്ള നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി 'സ്പോർട്ട്സ് കേരള എലൈറ്റ് അക്കാദമികൾ' രൂപീകരിക്കുക;

(ഇഇസഡ്ബി) 'ഗ്രീൻ സ്പോർട്ട്സ്' വിഭാഗത്തിൽപ്പെടുന്ന ഗോൾഫ്, ബില്ല്യാർഡ്സ്, സ്നൂക്കർ, സ്ക്വാഷ് തുടങ്ങിയവ സംഘടിപ്പിക്കുക;

(ഇഇസഡ്സി) വിനോദസഞ്ചാര വകുപ്പുമായി ഏകോപിപ്പിച്ചുകൊണ്ട് ട്രക്കിംഗ്, റോക്ക് ക്ലൈംബിംഗ്, പാരാഗ്ലൈഡിംഗ്, വാട്ടർ റാഫ്റ്റിംഗ്, കയാക്കിംഗ്, കനോയിംഗ്, സെയിലിംഗ്, വിൻഡ് സർഫിംഗ്, സ്കൂബ ഡൈവിംഗ് എന്നിവ സംഘടിപ്പിക്കുക;

(ഇഇസഡ് ഡി) സ്പോർട്ട്സ് സ്കൂൾ, സ്പോർട്ട്സ് ഡിവിഷൻ എന്നിവിടങ്ങളിൽ കായികാധിഷ്ഠിതമായ പ്രത്യേക പാഠ്യപദ്ധതി തയ്യാറാക്കുന്നതിനുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും നൽകുക;

(ഇഇസഡ്ഇ) വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി സഹകരിച്ചുകൊണ്ട് പ്രസ്തുത സ്ഥാപനങ്ങളിലെ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുക;

(ഇഇസഡ്എഫ്) അക്കാദമികളുടെ അക്രഡിറ്റേഷനും റേറ്റിംഗും, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, നൽകുക;

(ഇഇസഡ്ജി) സ്പോർട്ട്സ് അടിസ്ഥാനസൗകര്യങ്ങൾ, പരിശീലന കേന്ദ്രങ്ങൾ, കായികമത്സരങ്ങൾ, ഗ്രാമീണ കായികമേളകൾ എന്നിവയുടെ വിവരശേഖരണം നടത്തുക;

(ഇഇസഡ് എച്ച്) കായിക ചലച്ചിത്രമേള സംഘടിപ്പിക്കുക;

(ഇഇസഡ്ഐ) തൊഴിലാളികൾ, കർഷകർ, പോലീസ് തുടങ്ങിയ വിഭാഗങ്ങൾക്കുള്ള കായികമത്സരങ്ങൾ ബന്ധപ്പെട്ട വകുപ്പുകളുടെ സഹകരണത്തോടെ നടത്തുക;

(v) (എച്ച്) ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

" (എച്ച്എ) റഫറിമാർക്കായി ക്ലിനിക്കുകളും ശിൽപ്പശാലകളും സംഘടിപ്പിക്കുക;

(എച്ച്ബി) അടിസ്ഥാനസൗകര്യങ്ങൾ, അക്കാദമികൾ, സ്പോർട്ട്സ് മേളകൾ എന്നിവകളിൽ സ്വകാര്യനിക്ഷേപം സമാഹരിക്കുകയും സംരംഭകരെ ആകർഷിക്കുകയും ചെയ്യുക;

(എച്ച്സി) സ്പോർട്ട്സ് നിക്ഷേപ സംഗമങ്ങൾ നടത്തുക;

(എച്ച്ഡി) സഹകരണ മേഖലയുമായി ഏകോപിപ്പിച്ചുകൊണ്ട് കായികമേഖല വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക; " ;

(vi) (എം) ഖണ്ഡത്തിന് പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

" (എം) സ്പോർട്ട്സുമായി ബന്ധപ്പെട്ട സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുകയും, സ്പോർട്ട്സ് ഇൻഫർമേഷൻ കേന്ദ്രമോ സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുകയും സ്പോർട്ട്സുമായി ബന്ധപ്പെട്ട അടിസ്ഥാനവിവരങ്ങൾ സൂക്ഷിക്കുകയും ചെയ്യുന്നതിനുള്ള

കേന്ദ്രങ്ങളോ സ്ഥാപിക്കുകയും സ്പോർട്ട്സുമായി ബന്ധപ്പെട്ട ലൈബ്രറികളും മ്യൂസിയങ്ങളും സ്ഥാപിക്കുകയും നടത്തുകയും ചെയ്യുക;";

(vii) (പി) ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

" (പിഎ) ജില്ലാ സ്പോർട്ട്സ് കൗൺസിലിന്റെ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുക;

(പിബി) പട്ടികയിൽ പറയുന്ന കാര്യങ്ങൾക്കായി പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുക;" .

8. 10-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 10-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (എ) ഖണ്ഡത്തിൽ, " പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക" , എന്നീ വാക്കുകൾക്ക് പകരം " പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും അപ്രകാരമുള്ള പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുകയും ചെയ്യുക" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

9. 34 എ വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 34 എ വകുപ്പിൽ,—

(എ) (2)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

" (2) നിധിയിൽ, കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, കോർപ്പറേറ്റുകൾ, അസോസിയേഷനുകൾ, സൊസൈറ്റികൾ, ബോർഡുകൾ, ട്രസ്റ്റുകൾ എന്നിവയിൽ നിന്നോ നിയമപരമായ മറ്റേതെങ്കിലും സ്രോതസ്സിൽ നിന്നോ ലഭിക്കുന്ന എല്ലാ ഗ്രാന്റുകളും സഹായധനവും സംഭാവനകളും ഏതെങ്കിലും സ്വകാര്യ വ്യക്തികളിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ സഹകരണ സ്ഥാപനങ്ങളിൽ നിന്നോ പൊതുമേഖല സ്ഥാപനങ്ങളിൽ നിന്നോ സാമൂഹിക സംഘടനകളിൽ നിന്നോ സർക്കാരിതര സംഘടനകളിൽ നിന്നോ ലഭിക്കുന്ന നിക്ഷേപങ്ങളും വരവ് വയ്ക്കേണ്ടതാണ്." ;

(ബി) (3)-ാം ഉപവകുപ്പിൽ, (viii)-ാം ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(ix) സ്പോർട്ട്സ് താരങ്ങൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന്;

(x) കായികരംഗത്ത് നൂതനരീതികൾക്ക് സഹായം നൽകുന്നതിന്;

(xi) കായികസംരംഭങ്ങൾക്ക്, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, പലിശ സബ്സിഡി, മൂലധന നിക്ഷേപ സബ്സിഡി എന്നിവ നൽകുന്നതിന്;

(xii) സ്പോർട്ട്സിനെ പൊതുവായും, പ്രത്യേകിച്ച് പ്രത്യേക സ്പോർട്ട്സ് വിഭാഗങ്ങളെയും ഓരോ വ്യക്തിഗത സ്പോർട്ട്സ് താരത്തെയും ദേശീയ-അന്തർദ്ദേശീയ തലത്തിൽ മികവ് കൈവരിക്കുന്നതിനായി പ്രോത്സാഹിപ്പിക്കുന്നതിന്;

(xiii) സ്പോർട്ട്സ് മേഖലയിൽ സാങ്കേതികവിദ്യ നടപ്പിലാക്കുന്നതിന്;

(xiv) ഓരോ മേഖലയിലും വിദഗ്ധരായ കോച്ചുകൾക്ക് പ്രസക്തമായ കായിക ഇനങ്ങളിൽ പ്രത്യേക പരിശീലനം നൽകുന്നതിന്;

(xv) സ്പോർട്ട്സ്, സ്പോർട്ട്സ് സയൻസ് എന്നീ മേഖലകളിൽ കണ്ടെത്തിയിട്ടുള്ള പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ ഗവേഷണവും വികസനപഠനവും നടത്തുന്നതിന്;

(xvi) സംസ്ഥാനത്തെ ഉയർന്ന നിലവാരം പുലർത്തുന്ന സ്പോർട്ട്സ് താരങ്ങൾക്ക് നൂതനരീതിയിലുള്ള സ്പോർട്ട്സ് പരിശീലനം ഏർപ്പെടുത്തുന്നതിന്;

(xvii) പൊതു-സ്വകാര്യ പങ്കാളിത്തത്തോടെയുള്ള സ്പോർട്ട്സ് അടിസ്ഥാനസൗകര്യ പദ്ധതികൾ ഏറ്റെടുക്കുകയും, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുകയും അപ്രകാരമുള്ള പ്രവർത്തനങ്ങളുടെ പരിപാലനം നടത്തുകയും ചെയ്യുന്നതിന്.";

(സി) (4)-ാം ഉപവകുപ്പിൽ,—

(എ) (i)-ാം ഇനത്തിൽ " സ്പോർട്ട്സ് മന്ത്രി" എന്നീ വാക്കുകൾക്ക് പകരം " മുഖ്യമന്ത്രി" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ബി) (i)-ാം ഇനത്തിന് ശേഷം താഴെപ്പറയുന്ന ഇനങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

| | | |
|---|---|---|
| "(i എ) സ്പോർട്ട്സ് മന്ത്രി | .. | വൈസ് ചെയർമാൻ (എക്സ്-ഒഫീഷ്യോ) |
| (i ബി) വൈസ്-ചെയർപേഴ്സൺ, കേരള സംസ്ഥാന ആസൂത്രണ ബോർഡ് | .. | അംഗം (എക്സ്-ഒഫീഷ്യോ) |
| (i സി) സെക്രട്ടറി, നിയമ വകുപ്പ് | .. | അംഗം (എക്സ്-ഒഫീഷ്യോ) |
| (i ഡി) ഗവൺമെന്റ് സെക്രട്ടറി, ധനകാര്യ (റിസോഴ്സ്) വകുപ്പ് | .. | അംഗം (എക്സ്-ഒഫീഷ്യോ)" . |

10. <u>പുതിയ പട്ടിക ചേർക്കൽ.</u>—പ്രധാന ആക്റ്റിന്റെ 49-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന പട്ടിക ചേർക്കേണ്ടതാണ്, അതായത്:—

" <u>പട്ടിക</u>

[5-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (പിബി) ഖണ്ഡം കാണുക]

<u>പദ്ധതിയിൽ വ്യവസ്ഥ ചെയ്യാവുന്ന കാര്യങ്ങൾ</u>

1. സർഫിഗ്, പാരാസെയിലിംഗ്, അമ്പെയ്ത്ത് തുടങ്ങിയ കായിക ഇനങ്ങളിൽ മത്സ്യത്തൊഴിലാളികൾ, പട്ടികഗോത്ര വിഭാഗങ്ങൾ എന്നിവയിൽ നിന്നുള്ള പ്രതിഭകളെ കണ്ടെത്തുകയും അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിനുള്ള കാര്യങ്ങൾ.

2. സ്കൂൾ-കോളേജ് വിദ്യാർത്ഥികളുടെ മാനവശേഷി മെച്ചപ്പെടുത്തുന്നതിനുള്ള കാര്യങ്ങൾ.

3. ഉയർന്ന മെഡൽ സാദ്ധ്യതയുള്ള കായിക ഇനങ്ങളുടെ ടൂർണമെന്റ്, നടത്തിപ്പ്, പരിശീലന കേന്ദ്രങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങൾ.

4. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സ്കൂൾ-കോളേജ് കുട്ടികളുടെ മത്സരശേഷി മെച്ചപ്പെടുത്തുന്നതിനായി 'കേരള ഗ്രാന്റ് പ്രിക്സ്' സംബന്ധിച്ച കാര്യങ്ങൾ.

5. പദ്ധതിയിൽ വ്യവസ്ഥ ചെയ്യേണ്ടതോ അല്ലെങ്കിൽ പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമോ ഉചിതമോ ആയ മറ്റേതെങ്കിലും സംഗതി.".

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

വൈവിദ്ധ്യമാർന്ന കായികാവശ്യങ്ങളും പ്രതീക്ഷകളും നിറവേറ്റുക എന്ന ലക്ഷ്യത്തോടെ സ്പോർട്ട്സുമായി ബന്ധപ്പെട്ട നിയമപരമായി അംഗീകരിക്കപ്പെട്ട ഓൺലൈനായുള്ള സ്പോർട്ട്സ് ഗെയിമുകൾ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഇ-സ്പോർട്ട്സ് മത്സരങ്ങൾ പ്രോത്സാഹിപ്പിക്കുവാനും സംഘടിപ്പിക്കുവാനും സർക്കാർ തീരുമാനിച്ചു. 'എല്ലാവർക്കും സ്പോർട്ട്സ് ' എന്ന ലക്ഷ്യത്തിന് ഊന്നൽ നൽകിക്കൊണ്ട് സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും ശാരീരികക്ഷമതയുടെയും വ്യായാമത്തിന്റെയും അവബോധം സൃഷ്ടിക്കേണ്ടത് ആവശ്യമാണെന്നും സർക്കാർ കരുതുന്നു. ക്രിയാത്മകമായ കായിക സമ്പദ്ഘടനയ്ക്കുള്ള അടിത്തറ പാകുക എന്ന ലക്ഷ്യത്തോടെ സ്പോർട്ട്സ് അടിസ്ഥാനസൗകര്യങ്ങളുടെ നിർമ്മാണം, സ്പോർട്ട്സ് ഉപകരണങ്ങളുടെ നിർമ്മാണം, വിതരണം തുടങ്ങിയ കാര്യങ്ങളിൽ പങ്കാളിത്ത സ്വഭാവം കൊണ്ടുവരാനും സ്പോർട്ട്സ് അടിസ്ഥാനസൗകര്യങ്ങളുടെയും സ്പോർട്ട്സ് അക്കാദമികളുടെയും നിർമ്മാണത്തിലും സ്പോർട്ട്സ് മേളകളുടെ നടത്തിപ്പിനും സ്വകാര്യ മേഖലയിൽ നിന്നും നിക്ഷേപം ക്ഷണിക്കുവാനും സർക്കാർ തീരുമാനിച്ചു.

2. കായിക യുവജനകാര്യ (എ) വകുപ്പിന്റെ 22-7-2023-ലെ സ.ഉ.(കൈ) നമ്പർ 6/2023/കാ.യു.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ആധുനിക കാലഘട്ടത്തിന്റെ മാറ്റങ്ങൾക്ക് അനുയോജ്യമായി തയ്യാറാക്കിയതും സർക്കാർ അംഗീകരിച്ചിട്ടുള്ളതുമായ കേരള കായിക നയം 2023-ന്റെ അടിസ്ഥാനത്തിൽ കായിക മേഖലയിലും വിവിധ സ്ഥാപനങ്ങളിലും വരുത്തേണ്ട കാലാനുസൃതമായ മാറ്റങ്ങൾ സംബന്ധിച്ച് സമഗ്രമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കായിക യുവജനകാര്യ (എ) വകുപ്പിന്റെ 13-9-2023-ലെ സ.ഉ.(സാധാ.) നമ്പർ 262/2023/കാ.യു.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ആറംഗ കമ്മിറ്റി രൂപീകരിച്ചിരുന്നു. കേരള കായിക നയം 2023-ന്റെ അടിസ്ഥാനത്തിൽ 2000-ലെ കേരള സ്പോർട്ട്സ് ആക്റ്റിൽ വരുത്തേണ്ട ഭേദഗതികൾ നിർദ്ദേശിക്കുന്നതുൾപ്പെടെ വിവിധ വിഷയങ്ങൾ കമ്മിറ്റി പരിഗണിക്കുകയും പ്രസ്തുത ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള കരട് ബിൽ ഉൾപ്പെടെ ഒരു റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ 2000-ലെ കേരള സ്പോർട്ട്സ് ആക്റ്റിൽ ആവശ്യമായ ഭേദഗതികൾ വരുത്താൻ സർക്കാർ തീരുമാനിച്ചു.

3. മേല്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

## ഏല്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 7-ാം ഖണ്ഡം (i)-ാം ഉപഖണ്ഡം പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന 5-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (എഎ) ഖണ്ഡം, സംസ്ഥാനത്ത് ഇ-സ്പോർട്ട്സ് സംഘടിപ്പിക്കുകയും ക്രമീകരിക്കുകയും വികസിപ്പിക്കുകയും ചെയ്യുന്ന രീതി നിർണ്ണയിച്ചുകൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

2. ബില്ലിലെ 7-ാം ഖണ്ഡം (iv)-ാം ഉപഖണ്ഡം പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന 5-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ഇസി) ഖണ്ഡം, സ്പോർട്ട്സ് ലീഗുകൾ സംഘടിപ്പിക്കേണ്ട രീതി നിർണ്ണയിച്ചുകൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

3. ബില്ലിലെ 7-ാം ഖണ്ഡം (iv)-ാം ഉപഖണ്ഡം പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന 5-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ഇഡി) ഖണ്ഡം, വാർഷിക സാമ്പത്തിക സ്പോർട്ട്സ് സർവ്വേ നടത്തേണ്ട രീതി നിർണ്ണയിച്ചുകൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

4. ബില്ലിലെ 7-ാം ഖണ്ഡം (iv)-ാം ഉപഖണ്ഡം പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന 5-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ഇജി) ഖണ്ഡം, സ്പോർട്ട്സ് അരീനകൾ, സ്പോർട്ട്സ് ടർഫുകൾ, വെൽനസ് സെന്ററുകൾ മുതലായവയുടെ പ്രവർത്തന മാനദണ്ഡങ്ങൾ നിർണ്ണയിച്ചുകൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

5. ബില്ലിലെ 7-ാം ഖണ്ഡം (iv)-ാം ഉപഖണ്ഡം പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന 5-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ഇകെ) ഖണ്ഡം, സ്പോർട്ട്സ് താരങ്ങളുടെ വൈദഗ്ദ്ധ്യവും അഭിരുചിയും വിലയിരുത്തുന്നതിനായി 'സ്പോർട്ട്സ് ടാലന്റ് ഐഡന്റിഫിക്കേഷൻ പ്രോട്ടോക്കോൾ' സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള രീതി നിർണ്ണയിച്ചുകൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

6. ബില്ലിലെ 7-ാം ഖണ്ഡം (iv)-ാം ഉപഖണ്ഡം പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന 5-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ഇഒ) ഖണ്ഡം, സ്പോർട്ട്സ് കലണ്ടർ തയ്യാറാക്കുന്ന രീതി നിർണ്ണയിച്ചുകൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

7. ബില്ലിലെ 7-ാം ഖണ്ഡം (iv)-ാം ഉപഖണ്ഡം പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന 5-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ഇപി) ഖണ്ഡം, സ്പോർട്ട്സ് താരങ്ങളുടെ പരാതികൾ കൈകാര്യം ചെയ്യുന്നതിനുള്ള പരാതി പരിഹാര സംവിധാനം രൂപീകരിക്കുന്ന രീതി നിർണ്ണയിച്ചുകൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

8. ബില്ലിലെ 7-ാം ഖണ്ഡം (iv)-ാം ഉപഖണ്ഡം പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന 5-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ഇക്യൂ) ഖണ്ഡം, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സ്പോർട്ട്സ് പാഠ്യപദ്ധതി തയ്യാറാക്കുന്നതിന് ആവശ്യമായ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും നൽകേണ്ട രീതി നിർണ്ണയിച്ചുകൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

9. ബില്ലിലെ 7-ാം ഖണ്ഡം (iv)-ാം ഉപഖണ്ഡം പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന 5-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ഇഎസ്) ഖണ്ഡം, അടിസ്ഥാനസൗകര്യ വികസനം, കായികോപകരണങ്ങളുടെ നിർമ്മാണം, പരിശീലനം എന്നിവയുമായി ബന്ധപ്പെട്ട സ്റ്റാർട്ടപ്പുകൾക്ക് ഗ്രാന്റുകളോ ഫണ്ടുകളോ മുഖേന സഹായം നൽകുന്ന രീതി നിർണ്ണയിച്ചുകൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

10. ബില്ലിലെ 7-ാം ഖണ്ഡം (iv)-ാം ഉപഖണ്ഡം പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന 5-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ഇയു) ഖണ്ഡം, കളിസ്ഥലങ്ങളുടെ ഉപയോഗം ക്രമീകരിക്കുന്നതിനുള്ള രീതി നിർണ്ണയിച്ചുകൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

11. ബില്ലിലെ 7-ാം ഖണ്ഡം (iv)-ാം ഉപഖണ്ഡം പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന 5-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ഇവി) ഖണ്ഡം, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഇന്റർ സ്കൂൾ, ഇന്റർ കോളേജ്, ഇന്റർ യൂണിവേഴ്സിറ്റി ചാമ്പ്യൻഷിപ്പുകൾ സംഘടിപ്പിക്കുന്ന രീതി നിർണ്ണയിച്ചുകൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

12. ബില്ലിലെ 7-ാം ഖണ്ഡം (iv)-ാം ഉപഖണ്ഡം പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന 5-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ഇവൈ) ഖണ്ഡം, 'കമ്മ്യൂണിറ്റി ഫിസിക്കൽ ആക്റ്റിവിറ്റി ട്രാക്കിംഗ് സംവിധാനം' വികസിപ്പിക്കേണ്ട രീതി നിർണ്ണയിച്ചുകൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

13. ബില്ലിലെ 7-ാം ഖണ്ഡം (iv)-ാം ഉപഖണ്ഡം പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന 5-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ഇഇസഡ്എഫ്) ഖണ്ഡം, അക്കാദമികളുടെ അക്രഡിറ്റേഷനും റേറ്റിംഗും നടത്തേണ്ട രീതി നിർണ്ണയിച്ചുകൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

14. ബില്ലിലെ 9-ാം ഖണ്ഡം (ബി) ഉപഖണ്ഡം പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന 34 എ വകുപ്പ് (3)-ാം ഉപവകുപ്പ് (xi)-ാം ഖണ്ഡം, കായികസംരംഭങ്ങൾക്ക് പലിശ സബ്സിഡി, മൂലധന നിക്ഷേപ സബ്സിഡി എന്നിവ നൽകുന്നതിനുള്ള രീതി നിർണ്ണയിച്ചുകൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

15. ബില്ലിലെ 9-ാം ഖണ്ഡം (ബി) ഉപഖണ്ഡം പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന 34 എ വകുപ്പ് (3)-ാം ഉപവകുപ്പ് (xvii)-ാം ഖണ്ഡം, നിർമ്മാണപ്രവർത്തനങ്ങളും അപ്രകാരമുള്ള പ്രവർത്തനങ്ങളുടെ പരിപാലനവും നടത്തുന്നതിനുള്ള രീതി നിർണ്ണയിച്ചുകൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

16. ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ, ചട്ടങ്ങളും വിജ്ഞാപനങ്ങളും പുറപ്പെടുവിക്കാവുന്നത് അവ നടപടിക്രമം സംബന്ധിച്ച കാര്യങ്ങളും സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടു കൂടിയതും ആകുന്നു. കൂടാതെ, അപ്രകാരം ഉണ്ടാക്കുന്ന

ചട്ടങ്ങളും പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങളും നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ആയതിനാൽ, ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

വി. അബ്ദുറഹിമാൻ.

# 2000-ലെ കേരള സ്പോർട്ട്സ് ആക്റ്റിൽ നിന്നുള്ള

## പ്രസക്ത ഭാഗങ്ങൾ

## (2001-ലെ 2)

കേരള സംസ്ഥാനത്ത് സ്പോർട്ട്സും ഗെയിംസും
പ്രോൽസാഹിപ്പിക്കുന്നതിനും കായികക്ഷമത
വർദ്ധിപ്പിക്കുന്നതിനും സംസ്ഥാന തലത്തിലും
ജില്ലാ തലത്തിലും പ്രാദേശിക തലത്തിലും
സ്പോർട്ട്സ് കൗൺസിലുകൾ
രൂപീകരിക്കുന്നതിനും അതിന്
അനുബന്ധമോ ആനുഷംഗികമോ
ആയ കാര്യങ്ങൾക്കും
വേണ്ടി വ്യവസ്ഥ
ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—സംസ്ഥാനത്ത് സ്പോർട്ട്സും ഗെയിംസും പ്രോൽസാഹിപ്പിക്കുന്നതിനും കായികക്ഷമത വർദ്ധിപ്പിക്കുന്നതിനും 'എല്ലാവർക്കും കായികവിനോദം' എന്ന ആശയം വ്യാപിപ്പിക്കുന്നതിനും പ്രോൽസാഹിപ്പിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നത് അനിവാര്യവും യുക്തവുമായിരിക്കയാലും;

** ** ** **

2. നിർവചനങ്ങൾ.— ഈ ആക്റ്റിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

** ** ** **

(vi) " വിദ്യാഭ്യാസ സ്ഥാപനം" എന്നാൽ സർവ്വകലാശാല, കോളേജ്, സ്കൂൾ, പോളിടെക്നിക്, ശാസ്ത്ര-സാങ്കേതിക വിഷയങ്ങളിലോ അഥവാ ആർട്ട്സ് വിഷയങ്ങളിലോ അദ്ധ്യാപനം നൽകുന്ന മറ്റ് സ്ഥാപനം അഥവാ വിദ്യാഭ്യാസ സ്ഥാപനമായി സർക്കാർ വിജ്ഞാപനം ചെയ്യുന്ന മറ്റ് സ്ഥാപനം എന്നർത്ഥമാകുന്നു;

** ** ** **

(xiii) "റഗുലേഷൻ" എന്നാൽ ഈ ആക്റ്റ് പ്രകാരം സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ ഉണ്ടാക്കുന്ന റെഗുലേഷൻ എന്നർത്ഥമാകുന്നു;

** ** ** **

3. <u>കേരള സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ രൂപീകരണവും ഘടനയും.</u>—(1)

** ** ** **

(2) ** ** ** **

(3) കേരള സംസ്ഥാന സ്പോർട്ട്സ് കൗൺസിലിൽ താഴെപറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

<u>എക്സ്-ഒഫിഷ്യോ അംഗങ്ങൾ</u>

(എ) സ്പോർട്ട്സിന്റെ ചുമതലയുള്ള മന്ത്രി, അദ്ദേഹം സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന്റെ ചെയർമാൻ ആയിരിക്കുന്നതാണ്;

(ബി) സ്പോർട്ട്സ് വകുപ്പ് കൈകാര്യം ചെയ്യുന്ന ഗവൺമെന്റ് സെക്രട്ടറി;

(സി) ധനകാര്യ സെക്രട്ടറി (എക്സ്പെൻഡിച്ചർ);

(ഡി) പോലീസ് ഡയറക്ടർ ജനറൽ;

(ഇ) ഡയറക്ടർ, സ്പോർട്ട്സും യുവജനക്ഷേമവും;

(എഫ്) പൊതു വിദ്യാഭ്യാസ ഡയറക്ടർ;

(ജി) കോളേജ് വിദ്യാഭ്യാസ ഡയറക്ടർ;

(എച്ച്) സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ;

(ഐ) ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർ;

(ജെ) വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർ;

(കെ) ഹെൽത്ത് ഡയറക്ടർ;

(എൽ) സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ സെക്രട്ടറി;

(എം) പബ്ലിക് റിലേഷൻസ് ഡയറക്ടർ.

** ** ** **

4. <u>സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ സെക്രട്ടറി.</u>—(1) സർക്കാർ, സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ പ്രസിഡന്റുമായി കൂടിയാലോചിച്ച ശേഷം, ഗവൺമെന്റ് ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥനെയോ അല്ലെങ്കിൽ

കായിക യുവജനകാര്യാലയം ഡയറക്ടറെയോ സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന്റെ സെക്രട്ടറിയായി നിയമിക്കേണ്ടതാണ്.

** ** ** **

5. <u>സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന്റെ ചുമതലകളും അധികാരങ്ങളും പ്രവർത്തനങ്ങളും</u>.—(1) ** ** ** **

(2) ഈ ആക്റ്റിൽ മറ്റുവിധത്തിൽ വ്യക്തമായി വ്യവസ്ഥ ചെയ്തിട്ടുള്ളതൊഴികെ സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന് താഴെ പറയുന്ന അധികാരങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) സംസ്ഥാനത്തെ എല്ലാത്തരം സ്പോർട്ട്സുകളും സംഘടിപ്പിക്കുകയും ഏകോപിപ്പിക്കുകയും ക്രമീകരിക്കുകയും വികസിപ്പിക്കുകയും ചെയ്യുക;

(ബി) സ്പോർട്ട്സ് ഇൻഫർമേഷൻ കേന്ദ്രങ്ങൾ, സ്റ്റേഡിയങ്ങൾ, പവിലിയനുകൾ, കളിസ്ഥലങ്ങൾ, പാർക്കുകൾ, കുട്ടികളുടെ പാർക്കുകൾ, സ്പോർട്ട്സ് പരിശീലന കേന്ദ്രങ്ങൾ, സർക്കസ് പരിശീലന കേന്ദ്രങ്ങൾ, കളരികൾ എന്നിവ സ്ഥാപിക്കുക, കെട്ടിടങ്ങൾ, നീന്തൽക്കുളങ്ങൾ, വാട്ടർപോളോ, വള്ളംകളി എന്നിവയ്ക്കുവേണ്ട കുളങ്ങൾ, ജിംനേഷ്യം എന്നിവ നിർമ്മിക്കുക;

(സി) സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ ഉത്തരവാദപ്പെട്ട് നടത്തേണ്ടതായ എല്ലാമോ ഏതെങ്കിലുമോ, പ്രവർത്തനങ്ങളുടെ നടത്തിപ്പിനായി വസ്തുവകകൾ ആർജ്ജിക്കുകയോ ഔപചാരികമായി ആവശ്യപ്പെടുകയോ ചെയ്യുക;

(സി<u>എ</u>) സർക്കാരിൽ നിന്നോ അതിൻകീഴിലുള്ള ഏതെങ്കിലും ഏജൻസികളിൽ നിന്നോ ഉള്ള ധനസഹായത്താൽ നിർമ്മിച്ചിട്ടുള്ള, ജില്ലാ സ്പോർട്സ് കൗൺസിലിലോ അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മറ്റേതെങ്കിലും സംഘടനയോ സ്വന്തമാക്കിയിട്ടുള്ളതോ കൈവശം വച്ചിട്ടുള്ളതോ ആയ ഏതെങ്കിലും സ്റ്റേഡിയമോ, കളിസ്ഥലമോ, തുറസ്സായ സ്ഥലമോ, നീന്തൽക്കുളമോ മറ്റ് സ്ഥിരമായ കളിസൗകര്യമോ നവീകരിക്കുന്ന ആവശ്യത്തിനുവേണ്ടിയോ അവ നിലവിലെ കൈവശക്കാർ ശരിയായി കൈകാര്യം ചെയ്യുകയോ നടത്തിക്കൊണ്ടു പോകുകയോ ചെയ്യുന്നില്ല എങ്കിലോ അവയുടെ പരിപാലനത്തിനോ മാനേജുമെന്റിനോ അല്ലെങ്കിൽ രണ്ടിനുംകൂടി വേണ്ടിയോ, അല്ലെങ്കിൽ സൗകര്യങ്ങൾ പരിഷ്കരിക്കുകയോ മാറ്റങ്ങൾ വരു<u>ത്തു</u>കയോ ചെയ്യുന്നത് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അനുമതി കൂടാതെ സ്പോർട്സുമായി ബന്ധപ്പെട്ടതല്ലാത്ത മറ്റ് ആവശ്യങ്ങൾക്ക് വേണ്ടിയോ ആണെങ്കിൽ അവയുടെ നടത്തിപ്പ് സർക്കാരിന് ഏറ്റെടുക്കാവുന്നതാണ്:

എന്നാൽ, അപ്രകാരം ഏറ്റെടുക്കുന്നതിന് മുമ്പായി ഇതിലേക്കായി സർക്കാർ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെക്കൊണ്ട് അന്വേഷണം നടത്തിപ്പിക്കേണ്ടതും അന്വേഷണത്തിന്റെ ഭാഗമായി ഇക്കാര്യത്തിൽ ബന്ധപ്പെട്ട കക്ഷികൾക്ക് നോട്ടീസ് നൽകിയശേഷം അവർക്ക് പറയുവാനുള്ളത് പറയുവാൻ അവസരം നൽകേണ്ടതുമാണ്.

(ഡി) സംസ്ഥാനത്ത് സ്പോർട്ട്സും ഗെയിംസും പ്രോത്സാഹിപ്പിക്കുന്നതിന് സഹായകമാകുന്ന ടൂർണ്ണമെന്റുകളും മൽസരങ്ങളും പരിശീലന കോഴ്സുകളും സെമിനാറുകളും, കോച്ചിംഗ് കേന്ദ്രങ്ങളും, പ്രദർശനങ്ങളും, പര്യടനങ്ങളും മറ്റ് ഇനങ്ങളും കൗൺസിൽ നേരിട്ടോ അല്ലെങ്കിൽ ജില്ലാ സ്പോർട്ട്സ് കൗൺസിലോ കോർപ്പറേഷൻ സ്പോർട്ട്സ് കൗൺസിലോ മുനിസിപ്പൽ സ്പോർട്ട്സ് കൗൺസിലോ ഗ്രാമ സ്പോർട്ട്സ് കൗൺസിലോ വഴി നടത്തുകയോ സംഘടിപ്പിക്കുകയോ അഥവാ അവയുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയോ ചെയ്യുക;

(ഇ) വിദ്യാർത്ഥികളുടെയും തൊഴിലാളികളുടെയും സർക്കാർ ജീവനക്കാരുടെയും മറ്റുള്ളവരുടെയും ഇടയിൽ സ്പോർട്ട്സിനുള്ള അംഗീകാരം എന്ന നിലയിലോ പ്രോൽസാഹനം എന്ന നിലയിലോ ബഹുമതികൾ സമ്മാനിക്കുകയും സർട്ടിഫിക്കറ്റുകളോ സമ്മാനങ്ങളോ സ്കോളർഷിപ്പുകളോ മറ്റ് ആനുകൂല്യങ്ങളോ നൽകുകയും ചെയ്യുക;

(എഫ്) നിർണ്ണയിക്കപ്പെട്ടേക്കാവുന്ന വിധത്തിൽ സ്പോർട്ട്സ് താരങ്ങൾക്കും കോച്ചുകൾക്കും റഫറിമാർക്കും ഇൻഷ്വറൻസും അപകട ഇൻഷ്വറൻസും ഏർപ്പെടുത്തുക;

(ജി) സ്പോർട്ട്സിന്റെ പൊതുവായ പ്രോൽസാഹനമോ ഏതെങ്കിലും പ്രത്യേക സംരംഭത്തിന്റെയോ സ്പോർട്ട്സ് ഇനത്തിന്റെയോ പ്രോൽസാഹനമോ ലക്ഷ്യമാക്കി ഏതെങ്കിലും വ്യക്തിക്കോ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കോ സ്പോർട്ട്സ് സംഘടനകൾക്കോ ക്ലബ്ബുകൾക്കോ അസോസിയേഷനുകൾക്കോ വായ്പയായോ മറ്റുവിധത്തിലോ സഹായം നൽകുക;

(എച്ച്) അതിന്റെ പ്രവർത്തനങ്ങളുടെ പൊതുവായ നടത്തിപ്പിനായി ഫണ്ട് ശേഖരിക്കുക;

(ഐ) സംസ്ഥാനത്ത്, ദേശീയ തലത്തിലോ അന്തർദേശീയ തലത്തിലോ അന്തർ സംസ്ഥാനതലത്തിലോ പ്രാദേശികതലത്തിലോ സ്പോർട്ട്സ് മൽസരങ്ങൾ നടത്തുന്നതിന് സംവിധാനങ്ങൾ ഏർപ്പെടുത്തുകയോ മറ്റു വിധത്തിലുള്ള വ്യവസ്ഥകൾ ഉണ്ടാക്കുകയോ ചെയ്യുകയും സ്പോർട്ട്സ് പര്യടനങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക;

(ജെ) വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അംഗീകൃത സ്പോർട്ട്സ് സംഘടനകൾക്കും ഗ്രാന്റുകളോ ഫണ്ടുകളോ നൽകുക;

(കെ) കളിസ്ഥലങ്ങൾ സ്ഥാപിക്കുന്നതിനും അവയ്ക്ക് ഉപകരണങ്ങളും സൗകര്യങ്ങളും നൽകുന്നതിനും ഏർപ്പാട് ചെയ്യുക;

(എൽ) സാഹസികവും ആയോധനവും ആയ സ്പോർട്ട്സ് ഇനങ്ങൾ ഉൾപ്പെടെയുള്ള ഏതൊരു സ്പോർട്ട്സിന്റെയും വികസനത്തിനു വേണ്ടി ഗവേഷണ കേന്ദ്രമോ വികസന കേന്ദ്രമോ സ്ഥാപിക്കുകയും ഭരണനിർവഹണം നടത്തുകയും ക്രമീകരിക്കുകയും ചെയ്യുക;

(എം) സ്പോർട്ട്സ് ഇൻഫർമേഷൻ കേന്ദ്രമോ സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുകയും സ്പോർട്ട്സുമായി ബന്ധപ്പെട്ട അടിസ്ഥാന വിവരങ്ങൾ സൂക്ഷിക്കുകയും ചെയ്യുന്നതിനുള്ള കേന്ദ്രങ്ങളോ സ്ഥാപിക്കുകയും, സ്പോർട്ട്സുമായി ബന്ധപ്പെട്ട ലൈബ്രറികളും മ്യൂസിയങ്ങളും നടത്തുകയും ചെയ്യുക;

(എൻ) സ്പോർട്ട്സ് താരങ്ങളുടെ ക്ഷേമത്തിനായി പദ്ധതികൾ ആവിഷ്ക്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുക;

(ഒ) അവശതയനുഭവിക്കുന്ന സ്പോർട്ട്സ് താരങ്ങൾക്ക് ക്ഷേമത്തിനായുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുക;

(പി) കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരമുള്ള ദേശീയ സ്പോർട്ട്സ് ഫെഡറേഷന്റെ സംസ്ഥാന ഘടകം ഉൾപ്പെടെയുള്ള സ്പോർട്ട്സ് സംഘടനകളുടെ അംഗീകാരത്തിനും പ്രവർത്തനങ്ങൾക്കുമുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുക;

(ക്യൂ) ഈ ആക്റ്റിലെ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിന് സഹായകമായ മറ്റ് കാര്യങ്ങൾ ചെയ്യുക;

(ആർ) ഈ ആക്റ്റോ അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങളോ പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിക്കുകയും ചുമതലകൾ നിർവഹിക്കുകയും ചെയ്യുക.

** ** ** **

10. <u>ജില്ലാ സ്പോർട്ട്സ് കൗൺസിലിന്റെ അധികാരങ്ങളും ചുമതലകളും.</u>—(1) **

** ** ** **

(2) ജില്ലാ സ്പോർട്ട്സ് കൗൺസിലിന്, (1)-ാം ഉപവകുപ്പിൽ പറഞ്ഞിരിക്കുന്ന ചുമതലകളുടെ സാമാന്യതയ്ക്ക് ഭംഗം വരാതെ, താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ ചുമതലകൾ നിർവ്വഹിക്കാവുന്നതാണ്, അതായത്:—

(എ) കോർപ്പറേഷൻ സ്പോർട്ട്സ് കൗൺസിൽ, മുനിസിപ്പൽ സ്പോർട്ട്സ് കൗൺസിൽ, ഗ്രാമ സ്പോർട്ട്സ് കൗൺസിൽ, ജില്ലയിലെ മറ്റു രജിസ്റ്റർ ചെയ്തിട്ടുള്ള സ്പോർട്ട്സ് സംഘടനകൾ എന്നിവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക;

** ** ** **

34 എ. സംസ്ഥാന സ്പോർട്സ് വികസന നിധി.—(1)** ** **

** ** ** **

(2) നിധിയിൽ, കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, കോർപ്പറേറ്റുകൾ, അസ്സോസിയേഷനുകൾ, സൊസൈറ്റികൾ, ബോർഡുകൾ, ട്രസ്റ്റുകൾ എന്നിവയിൽ നിന്നോ നിയമപരമായ മറ്റേതെങ്കിലും സ്രോതസ്സിൽ നിന്നോ ലഭിക്കുന്ന എല്ലാ ഗ്രാന്റുകളും സഹായധനവും സംഭാവനകളും വരവ് വയ്ക്കേണ്ടതാണ്.

(3) നിധി താഴെപ്പറയുന്ന കാര്യങ്ങൾക്ക് വിനിയോഗിക്കാവുന്നതാണ്, അതായത്:—

** ** ** **

(viii) സ്പോർട്സ് കൗൺസിലിൽ രജിസ്റ്റർ ചെയ്ത് സജീവമായി കായികരംഗത്തുള്ള താരങ്ങൾക്ക് മതിയായ ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിന്.

(4) സർക്കാർ, താഴെപ്പറയുന്ന അംഗങ്ങളോടുകൂടിയ ഒരു "ബോർഡ് ഓഫ് ട്രസ്റ്റീസ്" രൂപീകരിക്കേണ്ടതാണ്, അതായത്:—

| | | |
|---|---|---|
| (i) | സ്പോർട്സ് മന്ത്രി | .. ചെയർമാൻ (എക്സ്-ഒഫീഷ്യോ) |
| (ii) | ഗവൺമെന്റ് സെക്രട്ടറി | .. അംഗം (എക്സ്-ഒഫീഷ്യോ) (സ്പോർട്സ്) |
| (iii) | പ്രസിഡന്റ്, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ | .. അംഗം (എക്സ്-ഒഫീഷ്യോ) |

| | | | |
|---|---|---|---|
| (iv) | ഗവൺമെന്റ് സെക്രട്ടറി ധനകാര്യ (എക്സ്പെൻഡിച്ചർ) വകുപ്പ് | .. | അംഗം (എക്സ്-ഒഫീഷ്യോ) |
| (v) | കായിക യുവജനകാര്യ ഡയറക്ടറേറ്റിലെ ഫിനാൻസ് ഓഫീസർ | .. | അംഗം |
| (vi) | സെക്രട്ടറി, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ | .. | അംഗം |
| (vii) | പ്രഗത്ഭ കായിക താരങ്ങൾ, ഒഫീഷ്യൽസ് എന്നിവർക്കിടയിൽ നിന്നും | .. | സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അഞ്ച് അംഗങ്ങൾ |
| (viii) | കായികവും യുവജനകാര്യവും വകുപ്പ് ഡയറക്ടർ, അദ്ദേഹം മെമ്പർ സെക്രട്ടറിയും ട്രഷററും ആയിരിക്കുന്നതാണ് | | |

** ** ** **

49. <u>വൈഷ്യമങ്ങൾ നീക്കം ചെയ്യൽ.</u>—(1) ** ** **

** ** ** **

(2) (1)-ാം ഉപവകുപ്പുപ്രകാരം പുറപ്പെടുവിച്ച ഓരോ ഉത്തരവും, അതു പുറപ്പെടുവിച്ചശേഷം കഴിയുന്നത്ര വേഗം, നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.